# 124. ആയുസ്സു നീളുമ്പോൾ

മനുഷ്യായുസ്സ് നൂറു വർഷമാണെന്നാണ് വൈദിക ഋഷികൾ കരുതിയിരുന്നതു്. എന്നാൽ, അതിന്റെ പകുതിപോലും ജീവിക്കാൻ ഭൂരിപക്ഷം ആളുകൾക്കും പണ്ടു സാധിച്ചിരുന്നില്ല. ശിശുമരണം ഏറെയായിരുന്നു. പകർച്ചവ്യാധികൾ ജനങ്ങളെ കൂട്ടത്തോടെ കൊന്നൊടുക്കിയിരുന്നു. ക്ഷാമങ്ങളും യുദ്ധങ്ങളും ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു. അറുപതു വർഷം തികച്ചും ജീവിച്ച് 'ഷഷ്ടിപൂർത്തി' ആഘോഷിക്കാൻ കഴിഞ്ഞാൽ, അതൊരു മഹാകാര്യമായാണ് ആളുകൾ കരുതിവന്നതു്.

ആരോഗ്യ സേവനങ്ങളിലുണ്ടായ പുരോഗതിയെത്തുടർന്നു ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ജനങ്ങളുടെ ശരാശരി ആയുസ്സിനു ദൈർഘ്യം ഏറിയേറി വരുകയാണ്. ശിശുമരണങ്ങൾ മിക്കവാറും ഇല്ലാതായിരിക്കുന്നു. പോഷകാഹാരങ്ങളെപ്പററിയുള്ള പരിജ്ഞാനം പരന്നുവരുന്നതോതിനു സാധാരണ രോഗങ്ങളും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. സാംക്രമിക രോഗങ്ങൾ ഉന്മൂലനം ചെയ്യപ്പെട്ടുവരുന്നു. ക്യാൻസർപോലുള്ള മാരക രോഗങ്ങൾക്കും പ്രതിവിധികൾ കണ്ടുപിടിക്കപ്പെടുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇക്കാരണങ്ങളാൽ ഷഷ്ടിപൂർത്തിക്കാർക്കു് ഒരു രാജ്യത്തും ഇന്നു ക്ഷാമമില്ല. വാർദ്ധക്യം അവശതയുടെ പര്യായമാണെന്ന നിലയും അസ്തമിച്ചിരിക്കുന്നു. പല രാജ്യങ്ങളിലും പുരുഷന്മാർ തൊഴിലിൽനിന്നു പിരിയുന്നതു് ഇപ്പോൾ അറുപത്തഞ്ചാം വയസ്സിലാണ്; സ്ത്രീകൾ തൊഴിലിൽനിന്നു പിരിയുന്നതു് അറുപതാം വയസ്സിലും. ഉദാരങ്ങളായ പെൻഷൻ വ്യവസ്ഥകളും സാമൂഹ്യ ഭദ്രതാ നിയമങ്ങളും നിമിത്തം വൃദ്ധർക്കു സാമ്പത്തികമായ സ്വാശ്രിതത്വവും കൈവന്നിരിക്കുന്നു. പഴയ കാലത്തെന്നപോലെ അവർക്കു് അന്നവസ്ത്രാദികൾക്കു വേണ്ടി സന്തതിപരമ്പരകളെ ആശ്രയിക്കേണ്ടതില്ല. അതിനാൽ അറുപത്തഞ്ചോ അറുപതോ വയസ്സിൽ തൊഴിലിൽനിന്നു പിരിയുന്നതോടെ, തങ്ങൾക്കു പററിയ പുതിയ പ്രവൃത്തിക്ഷേത്രങ്ങൾ കണ്ടുപിടിക്കുന്നതു് വൃദ്ധരെ സംബന്ധിച്ചിടത്തോളം ഒരാവശ്യമായി വന്നിരിക്കുന്നു.

'വൃദ്ധർ' എന്ന, അപകർഷം ധ്വനിപ്പിക്കുന്ന, വിശേഷണംതന്നെ പാശ്ചാത്യരാജ്യങ്ങളിലെ വൃദ്ധർ ഇപ്പോൾ ഇഷ്ടപ്പെടുന്നില്ല. 'മുതിർന്ന പൗരന്മാർ' (സീനിയർ സിററിസൻസ്) എന്നു വിളിക്കപ്പെടാനാണ് അവർക്കു താല്പര്യം. ഇവരിൽ വളരെ വലിയ ഒരു വിഭാഗം സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കെടുത്തു ജീവിതം ഉല്ലാസഭരിതവും പ്രയോജനപൂർണവുമാക്കുന്നു. സ്പോർട്ട്സ് സംഘടനകൾ, വയോജന വിദ്യാഭ്യാസ സംഘടനകൾ, നഗര പരിഷ്കരണത്തിനു വേണ്ടിയുള്ള സംഘടനകൾ, നിരായുധീകരണം, ലോകസമാധാനം മുതലായവയ്ക്കു വേണ്ടിയുള്ള കമ്മററികൾ എന്നിവപോലെ, കൂട്ടായ പരിശ്രമത്തിനു സൗകര്യം നൽകുന്ന സ്ഥാപനങ്ങളിൽ 'മുതിർന്ന പൗരന്മാർ' ആവേശത്തോടെ ചേർന്നു പ്രവർത്തിക്കുന്നു.

അറുപതിനുമേൽ വയസ്സുള്ള നാഗരികരുടെ സംഖ്യ വരുന്ന ഇരുപതാണ്ടുകൾക്കുള്ളിൽ, ഇന്നുള്ളതിന്റെ തൊണ്ണൂറു ശതമാനമെങ്കിലും വർദ്ധിക്കുമെന്നാണ് ഐക്യരാഷ്ട്രസഭ കണക്കാക്കിയിട്ടുള്ളതു്. എ. ഡി. രണ്ടായിരാമാണ്ടിൽ ലോകത്തിലാകെ അറുപതു കോടിയിലേറെ ഷഷ്ടിപൂർത്തി കഴിഞ്ഞവർ (ഷഷ്ടിപൂർണർ) ഉണ്ടായിരിക്കും. ഇവരുടെ പ്രത്യേക പ്രശ്നങ്ങളെപ്പററി ആലോചിക്കാൻ ഈ വേനല്ക്കാലത്തു് ആസ്ത്രിയയിലെ വിയ

ന്നയിൽ ഒരു സമ്മേളനം ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയുടെ നിർദ്ദേശപ്രകാരം വിളിച്ചു കൂട്ടുന്നുണ്ട്.

ആധുനിക വൈദ്യശാസ്ത്രത്തിലെ ആധുനികതരമായ ഒരു വിഭാഗമാണ് 'ജെറിയാട്രിക്സ്' (വൃദ്ധ ചികിത്സ). (ആയുർവേദത്തിലെ 'അഷ്ടാംഗ'ങ്ങളിൽ ഒരംഗം ജരാചികിത്സയായിരുന്നു.) മുതിർന്നവരുടെ സംഖ്യ പെരുകി വരുന്നതു കണക്കിലെടുത്ത് എല്ലാ മെഡിക്കൽ വിദ്യാർത്ഥികളേയും നിർബന്ധമായും 'ജെറിയാട്രിക്സ്' പഠിപ്പിക്കണമെന്നതാണ് ഇപ്പോഴും ഗൗരവമായി ഉന്നയിക്കപ്പെട്ടു വരുന്ന ഒരു നിർദ്ദേശം.

സർവകലാശാലാ വിദ്യാഭ്യാസത്തിനു സൗകര്യം കിട്ടാത്തവരാണ് ഇപ്പോഴത്തെ 'മുതിർന്ന പൗരന്മാ'രിൽ ഭൂരിഭാഗവും. അവർക്കുവേണ്ടി പുതിയ യൂനിവേഴ്സിററി കോഴ്സുകൾ ഏർപ്പെടുത്തിയാലെന്താണ്? പടിഞ്ഞാറൻ ജർമനിയിലെ ഡോർട്ട്മുണ്ട് സർവകലാശാല 'മുതിർന്ന പൗരന്മാർക്കുള്ള ഒരു അക്കാദമി' 1972 ൽത്തന്നെ ആരംഭിച്ചിരിക്കുന്നു. 'അതിഥി വിദ്യാർത്ഥികൾ' ആയി വൃദ്ധന്മാർക്ക് ഇവിടെ ക്ലാസ്സുകളിൽ ചേരാം. സമൂഹശാസ്ത്രം, വിദ്യാഭ്യാസശാസ്ത്രം, മനശ്ശാസ്ത്രം, ദർശനങ്ങൾ (ഫിലോസഫി) മുതലായവയാണ് വിഷയങ്ങൾ. കോഴ്സ് കഴിഞ്ഞാൽ സർട്ടിഫിക്കററു കൊടുക്കും. മുതിർന്നവരെ ഒററപ്പെടുത്താതെ, ചെറുപ്പക്കാരായ വിദ്യാർത്ഥികളുടെ ഒന്നിച്ചു ക്ലാസ്സിലിരിക്കാനും മററു പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും ഇവിടെ പ്രോത്സാഹിപ്പിക്കുന്നു. ഇത്തരം കോഴ്സുകൾ, മുതിർന്നവരെ സംബന്ധിച്ചിടത്തോളം, എത്രയോ ഫലപ്രദമാണെന്നു തെളിഞ്ഞിരിക്കുന്നുവത്രേ.

ഇതോടൊപ്പം വിദ്യാഭ്യാസ ശാസ്ത്രത്തിൽ ഒരു പുതിയ ശാഖ ഉളവായിരിക്കുന്നു. 'ജെരഗോജി' എന്നാണ് ഈ പുതിയ വിഭാഗത്തിന്റെ പേര്. കുട്ടികൾക്കുള്ള വിദ്യാഭ്യാസമാണ് 'പെഡഗോജി' (പൈഡോസ് എന്നാൽ ഗ്രീക്കു ഭാഷയിൽ ശിശു എന്നർത്ഥം); വൃദ്ധർക്കുള്ള വിദ്യാഭ്യാസം 'ജെരഗോജി'യും (ജെരോൺ എന്നാൽ ഗ്രീക്കു ഭാഷയിൽ വൃദ്ധൻ എന്നർത്ഥം).

ഹിന്ദുമതത്തിന്റെ അടിസ്ഥാനം വർണാശ്രമധർമം ആണെന്നു പറയാറുണ്ടല്ലോ. സമൂഹത്തിൽ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്ന നാലു വർണങ്ങളും, ഈ ഓരോ വർണത്തിലും പെട്ടവർക്കു പ്രത്യേകം കടമകളും അധികാരങ്ങളും ഉണ്ടെന്ന സങ്കല്പമാണ് വർണധർമം. ഓരോ വ്യക്തിയുടേയും ജീവിതത്തിൽ ക്രമേണ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്ന നാല് ആശ്രമങ്ങളും (അവസ്ഥകളും) ഈ ഓരോ അവസ്ഥയിലും വ്യക്തി അനുഷ്ഠിക്കേണ്ട കടമകളും ഉണ്ടെന്ന സങ്കല്പമാണ് ആശ്രമധർമം. തന്റെ മകന് മകൻ പിറന്നു കണ്ട ഗൃഹസ്ഥൻ ക്രമത്തിൽ ലോകവ്യവഹാരങ്ങളിൽനിന്നു പിൻവാങ്ങി, പത്നിയോടൊപ്പം ഗ്രാമപ്രദേശങ്ങളിൽ ചെന്നു പാർത്ത്, അധ്യയനത്തിലും ആത്മ വിചിന്തനത്തിലും മുഴുകുന്നതാണ് വാനപ്രസ്ഥാശ്രമം; ഇഹലോകജീവിതത്തിൽ വിരക്തി വന്ന്, ഭൗതിക ബന്ധനങ്ങൾ തികച്ചും ഉപേക്ഷിക്കുന്നത് സന്യാസവും.

സമത്വാധിഷ്ഠിതമായ ഒരു സമൂഹത്തിൽ വർണധർമം ഒരുപക്ഷേ, പ്രസക്തമായേക്കുകയില്ല. എന്നാൽ, സമ്പന്ന സമൂഹത്തിലെ വൃദ്ധരെ സംബന്ധിച്ചിടത്തോളം അപ്രസക്തങ്ങളായ ആദർശങ്ങളല്ല വാനപ്രസ്ഥവും സന്യാസവും. ഐക്യരാഷ്ട്രസഭ വിയന്നയിൽ വിളിച്ചു കൂട്ടുന്ന സമ്മേളനത്തിൽനിന്ന് ഉരുത്തിരിഞ്ഞു വരുന്ന നിർദേശങ്ങൾ, ഫലത്തിൽ, ഇന്ത്യയിലെ പഴയ സ്മൃതികാരന്മാരുടെ വാനപ്രസ്ഥാശ്രമ സങ്കല്പത്തെ പുനരുജ്ജീവിപ്പിച്ചുകൂടായ്കയില്ല. പരിതഃസ്ഥിതികൾക്കനുസൃതമായി ബാഹ്യരൂപത്തിൽ വ്യത്യാസമുണ്ടാകാമെങ്കിലും, ഉള്ളടക്കം തികച്ചും 'വാനപ്രസ്ഥ'ത്തിന്റേതായ ഒരു ജീവിതമാതൃക വൃദ്ധർക്കായി നിർദേശിക്കപ്പെടുമെന്നു കരുതാവുന്നതേയുള്ളൂ.

25 ഏപ്രിൽ, 1982